III. അടിയന്തിരപ്രമേയം

കണ്ണൂർ ജില്ലയിൽ ഇരു വിഭാഗങ്ങൾ തമ്മിലുണ്ടായ സംഘർഷം

മി. സ്പീക്കർ: രണ്ടുവിഭാഗങ്ങൾ തമ്മിലുള്ള സംഘർഷത്തെത്തുടർന്ന് കണ്ണൂർ ജില്ലയിൽ വീടുകൾ, കടകൾ, ആരാധനാലയങ്ങൾ എന്നിവയ്ക്കുനേരെ ആക്രമണങ്ങൾ നടത്തുകയും നിരവധി ആളുകൾ ഗുരുതരമായ പരിക്കുകളോടെ ആശുപത്രികളിലാവുകയും ചെയ്തതിനെത്തുടർന്ന് ജില്ലയിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എം. വി. ഗോവിന്ദൻമാസ്റ്റർ, കെ. പി. രാജേന്ദ്രൻ, കെ. പി. മോഹനൻ, എ. എ. അസീസ്, പി. സി. ജോർജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. പ്രൊഫ. എ. ഡി. മുസ്തഫ, ശ്രീ. കെ. പി. മോഹനൻ എന്നീ അംഗങ്ങളും അവരുടെ നിയോജകമണ്ഡലങ്ങളിലും ഈ സംഭവങ്ങൾ നടന്നു എന്നുപറഞ്ഞ് സബ്മിഷന് എഴുതിത്തന്നിട്ടുണ്ട്.

മുഖ്യമന്ത്രി *(ശ്രീ.ഉമ്മൻ ചാണ്ടി):* കണ്ണൂർ ജില്ലയിൽ ഇരിട്ടി പൈഞ്ചേരിമുക്കിൽവച്ച് ഒരു ബസിൽ യാത്രചെയ്തിരുന്ന ഹിന്ദു ഐക്യവേദിയുടെ കണ്ണൂർ ജില്ലാ കൺവീനറായ അശ്വിനികുമാറിനെ ഇന്നലെ രാവിലെ 10.15 മണിയോടെ എട്ടുപേർചേർന്ന് വെട്ടി പരിക്കേൽപ്പിച്ചു. ഗുരുതരമായി പരിക്കേറ്റ അശ്വിനികുമാറിനെ ചികിത്സയ്ക്കായി പരിയാരം മെഡിക്കൽകോളേജിലേക്ക് കൊണ്ടുപോകുംവഴി മരിച്ചു. അതിനെത്തുടർന്ന് ചില നിർഭാഗ്യകരമായ സംഭവങ്ങൾ ഉണ്ടായി. ഉത്തരമേഖലാ ഡി.ഐ.ജി., ഉത്തരമേഖലാ ഐ.ജി. എന്നിവർ അവിടെ ക്യാമ്പ് ചെയ്ത് ക്രമസമാധാന പരിപാലനത്തിന് നേതൃത്വം നൽകുന്നുണ്ട്. അശ്വിനികുമാറിന്റെ മരണവാർത്ത അറിഞ്ഞ് പ്രകോപിതരായ പ്രവർത്തകർ തമ്മിലുണ്ടായ സംഘർഷത്തിൽ ഇരു വിഭാഗങ്ങളിൽനിന്നും ഇരുപത്തേഴോളം വീടുകൾക്കും, ഇരുപതോളം വ്യാപാരസ്ഥാപനങ്ങൾക്കും നാശനഷ്ടം വന്നിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിൽ ആറുപേർക്ക് പരിക്കുപറ്റിയിട്ടുണ്ട്. കല്ലേറിലും മറ്റും നാലു മുസ്ലീം ആരാധനാലയങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. അൻപതോളം പേരെ കരുതൽ നടപടിയായി കസ്റ്റഡിയിൽ എടുത്തു. സി.ആർ.പി.എഫിന്റെ ദ്രുതകർമ്മസേനയേയും സായുധപോലീസിന്റെ പത്തുകമ്പനിയേയും ക്രമസമാധാന പാലനത്തിനായി അവിടെ നിയോഗിച്ചിട്ടുണ്ട്. അശ്വിനികുമാറിന്റെ കൊലപാതകം സംബന്ധിച്ച കേസ് ക്രൈംബ്രാഞ്ചിന് വിട്ടുകൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: കണ്ണൂർ ജില്ലയിലെ സമാധാനാന്തരീക്ഷം തന്നെ തകർക്കാൻ ഇടയാകുന്ന നിലയിൽ രണ്ടു വർഗീയ വിഭാഗങ്ങളായ ആർ.എസ്.എസ്സും എൻ.ഡി.എഫും കഴിഞ്ഞ കുറെമാസങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനത്തിന്റെ ഏറ്റവും അവസാനത്തെ ഒരു ചെറിയ ചിത്രമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കുറച്ചുമാസം മുൻപ് പുന്നാട് എന്ന സ്ഥലത്ത് വളരെ മൃഗീയമായ രീതിയിൽ ഒരു എൻ.ഡി.എഫുകാരൻ കൊലചെയ്യപ്പെടുകയുണ്ടായി. ആ കൊലപാതകക്കേസിൽ അന്നു മരണപ്പെട്ട മുഹമ്മദ്, പോലീസിന് കൊടുത്ത മൊഴിയിൽ ചൂണ്ടിക്കാണിക്കുകയും ദൃക്സാക്ഷികൾ കൃത്യമായിട്ട് പേരുസഹിതം പറഞ്ഞു കൊടുത്തു. ഫസ്റ്റ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ ഭാഗമായിട്ടുവരികയും ചെയ്തിട്ടുള്ള എല്ലാപ്രതികളെയും പിന്നീട് പോലീസുകാർ മാറ്റി. അതിന് പകരം പുതിയ പ്രതികളെ അവിടെ ചേർക്കുകയുണ്ടായി. ആറേഴുമാസക്കാലം പ്രതികൾ ഒളിവിൽ ആയിരുന്നു. ഒളിവിലുള്ള പ്രതികൾ അവരെ പ്രതിചേർത്തില്ലായെന്ന് അറിഞ്ഞപ്പോഴാണ് പുറത്തുവന്നത്. അന്നുതന്നെ സി.പി.ഐ. (എം.) ഈ കാര്യം പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഏകപക്ഷീയമായ രീതിയിൽ ഇങ്ങനെ ഒരു നിലപാട് സ്വീകരിച്ചാൽ അവിടെ കാര്യങ്ങൾ കൂടുതൽ അപകടത്തിലേക്കാണു നീങ്ങുക. സമാധാനത്തെ അത് ബാധിക്കുന്ന പ്രശ്നമാണെന്ന് ചൂണ്ടിക്കാണിച്ചതാണ്. അവരെയെല്ലാം പിന്നെ ഗൂഢാലോചനാക്കേസിന്റെ ഭാഗമാക്കിമാറ്റുകയാണുണ്ടായത്.

ഒന്ന്, രണ്ട്, മൂന്ന്, നാല് പ്രതികൾ ഉൾപ്പെടെയുള്ളവരെ കേസിന്റെ പ്രധാനപ്പെട്ട പ്രതിസ്ഥാനത്തു നിന്നുമാറ്റി. ഇതാണ് ഒരു ഭാഗത്തുണ്ടായത്. അതിനെത്തുടർന്നുണ്ടായ ചില സംഭവങ്ങൾ തുടർച്ചയായിട്ട് അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞകാര്യം പുന്നാടിനടുത്ത് നടന്നത്. ഇരിട്ടി പൈഞ്ചേരിമുക്കിൽ നടന്ന സംഭവത്തെത്തുടർന്ന് ജില്ലയുടെ വിവിധ മേഖലകളിൽ സംഘർഷം ആരംഭിച്ചിരിക്കുകയാണ്. അവിടെനിന്ന് എത്രയോ കിലോമീറ്റർ അകലെയുള്ള തലശ്ശേരി പട്ടണത്തിന്റെ അടുത്ത് പ്രധാനമായിട്ടും ഒരു കടയിൽ ജോലിചെയ്തുകൊണ്ടിരുന്ന രണ്ടുമൂന്നു ചെറുപ്പക്കാർക്കാണ് മാരകമായ പരിക്കുപറ്റിയിട്ടുള്ളത്. എ.വി.കെ. നായർ റോഡിനരുകിൽ ഫാസ്റ്റ്ഫുഡ് കട നടത്തിക്കൊണ്ടിരിക്കുന്ന ജബാദ് എന്ന ചെറുപ്പക്കാരൻ മൃഗീയമായി പരിക്കേറ്റ് മെഡിക്കൽകോളേജിൽ അത്യാസന്ന നിലയിലാണ്. വളരെ ഗുരുതരമായ അവസ്ഥയാണ്. കഴുത്തിന് വെട്ടേറ്റ് ധനലക്ഷ്മി ആശുപത്രിയിൽ ചികിൽസയിലായിരിക്കെ രക്ഷപ്പെടാനിടയില്ലെന്ന് പറഞ്ഞ് പരിയാരം മെഡിക്കൽ കോളേജിലേക്കു മാറ്റിയിരിക്കുകയാണ്. എൻ.ഡി.എഫ്. പ്രവർത്തകരായ ആളുകളെ അല്ല മുസ്ലീങ്ങളായ ആളുകളെ തിരഞ്ഞുപിടിച്ച് ആക്രമിക്കുന്ന സ്ഥിതിയാണവിടെയുള്ളത്. ഈ ചെറുപ്പക്കാരൻ സി.പി.ഐ.(എം.) പ്രവർത്തകനാണ്, പ്രവർത്തകൻ എന്നുപറയാൻ സാധിക്കില്ല. അനുഭാവിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചെറുവാഞ്ചേരി കീരാറ്റ എന്ന സ്ഥലത്ത് പള്ളിയ്ക്കുനേരെ കടന്നാക്രമണം ഉണ്ടായിരിക്കുകയാണ്. അവിടെ ഖാദർ, മുഹമ്മദ് എന്നീ രണ്ട് ചെറുപ്പക്കാർ മൃഗീയ മർദ്ദനമേറ്റ് വീണുകിടന്നപ്പോൾ അവിടെ ഒരു പോലീസും അവരെ സഹായിക്കാനുണ്ടായിരുന്നില്ല. പാർട്ടിപ്രവർത്തകരാണ് അവിടെ കടന്നുചെന്നിട്ട് ഇവർ രണ്ടുപേരേയും ആശുപത്രിയിലേക്കുകൊണ്ടുപോയത്. തൊക്കിലങ്ങാടി പള്ളിക്കുനേരെ കടന്നാക്രമണം ഉണ്ടായി, കരയറ്റയിൽ വാഹനങ്ങൾക്കുനേരെ കടന്നാക്രമണമുണ്ടായി. പുന്നാട് ഇന്നലെ രാത്രി കൃത്യമായ കണക്കുപരിശോധിച്ചാൽ മുപ്പത്തിയഞ്ചുവീടുകൾ അവിടെ തകർക്കപ്പെടുകയോ കത്തിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. സ്ത്രീകളും കുട്ടികളും അതുപോലെതന്നെ പ്രായമുള്ളവരുമാണ് അവിടെയുള്ളത്. അവർ ഭയംകൊണ്ട് ഓടിരക്ഷപ്പെടാൻ ഇടം തേടിക്കൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. മട്ടന്നൂരിൽ നാല് കടകൾ പൂർണ്ണമായി തകർക്കുകയും അതുപോലെതന്നെ തീ വയ്ക്കുകയും ചെയ്തിരിക്കുകയാണ്. ഇരിട്ടി പട്ടണത്തിൽ മാത്രം 20-ഓളം കടകൾ തകർക്കപ്പെട്ടു. അവിടെ നാലുനിലകളുള്ള ഏറ്റവും പ്രധാനപ്പെട്ട വസ്ത്രാലയം തകർക്കപ്പെടുന്ന അവസ്ഥയിലേക്കും കത്തിക്കുന്ന സ്ഥിതിയിലേക്കും എത്തുകയുണ്ടായി. അവിടെ ആർ.എസ്.എസ്.കാർ ചെന്ന് കടകൾ പൂട്ടാൻ പറഞ്ഞപ്പോൾ പൂട്ടി. ആ പൂട്ടിയ കടകളാണ് പിന്നീട് കൊള്ളയടിക്കുകയും തീവയ്ക്കുകയും ചെയ്തിട്ടുള്ളത്. അവിടെ പത്രപ്രവർത്തകർക്കെതിരായ കടന്നാക്രമണമുണ്ടായി. പത്രപ്രവർത്തകർ സഞ്ചരിച്ചുകൊണ്ടിരുന്ന വാഹനം ആക്രമിക്കപ്പെട്ട അവസ്ഥയും താമരശ്ശേരി പ്രദേശത്തുണ്ടായി. മങ്ങാട്ടിടത്ത് ഓട്ടോറിക്ഷ തകർക്കുകയും ഓട്ടോ ഡ്രൈവറെ കടന്നാക്രമിക്കുകയും ചെയ്യുകയുണ്ടായി. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷ നടന്നുകൊണ്ടിരിക്കുകയാണ്. ആ പരീക്ഷയ്ക്കുപോയ കുട്ടികൾ തിരിച്ചുവരാത്ത ഉത്ക്കണ്ഠയായിരുന്നു കുടുംബങ്ങൾക്ക് മുഴുവൻ ഉണ്ടായിരുന്നത്. ഇന്നാണെങ്കിൽ അവിടെ ഹർത്താൽ പ്രഖ്യാപിച്ചിരിക്കുകയാണ്. ആ ഹർത്താലിന്റെ ഭാഗമായി എന്തൊക്കെ സംഭവങ്ങളാണുണ്ടാവുക എന്നുള്ള ഉത്ക്കണ്ഠയിലാണ് ജനങ്ങൾ. ഇവരെ നേരിടുന്നതിന് ശക്തമായ പോലീസ് സേനയെ കൃത്യമായി വിന്യസിപ്പിക്കുകയുണ്ടായില്ല. ഒറ്റ ഉദാഹരണം പറഞ്ഞാൽ കണ്ണൂർ പട്ടണത്തിൽ 50 പേർ പ്രകടനം നടത്തി. ആ പ്രകടനം നടത്തിപ്പോകുമ്പോൾ അതിന്റെ പിന്നിൽ പോലീസ് ഉണ്ടായിരുന്നു. പോലീസുകാർ പ്രകടനത്തിന്റെ പിന്നാലെ പോവുകയാണ്. എന്നിട്ട് കണ്ണൂർ പട്ടണത്തിൽ തന്നെ സ്റ്റേഡിയത്തിന്റെ നേരെയും അതുപോലെ വാഹനങ്ങൾക്കുനേരെയും ഏറു നടത്തുകയും അവ തല്ലിപ്പൊളിക്കുകയും ചെയ്യുന്ന നിലയുണ്ടായി. എ.കെ.ജി. ആശുപത്രി കോർണറിലെ എസ്.ടി.ഡി. ബൂത്ത് തകർക്കുന്ന സ്ഥിതിയുണ്ടായി. അങ്ങനെ കണ്ണൂർ ജില്ലയിൽ വിവിധ മേഖലകളിലായി നിരവധി ആളുകൾക്ക് പരിക്കുപറ്റുകയും വീടുകൾ തകർക്കപ്പെടുകയും തീ കത്തിക്കുകയും, കടകൾ തകർക്കപ്പെടുകയും ആളുകളെ മൃഗീയമായി വേട്ടയാടുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്.എസ്., എൻ.ഡി.എഫ്. എന്നീ രണ്ടു വിഭാഗങ്ങൾ ശക്തിമത്തായ രീതിയിലുള്ള കടന്നാക്രമണമാണ് പരസ്പരം നടത്തിക്കൊണ്ടിരിക്കുന്നത്. സമാധാനാന്തരീക്ഷം ഉണ്ടാക്കേണ്ട പോലീസ് ഗൗരവപൂർവ്വമായ നിലയിൽ ഇതിനെ കാണുന്നതിനുപകരം നിഷ്ക്രിയരായ അവസ്ഥയിലായിരുന്നു. എന്തെങ്കിലും സംഭവമുണ്ടായാൽ ഞങ്ങളെ വിളിച്ചുപറയണമെന്ന് പോലീസുകാർ തന്നെ പറഞ്ഞിരുന്നുവെങ്കിലും രാവിലെ ഇരിട്ടി, പുന്നാട്, തൂക്കിലങ്ങാട്, ചൊവ്വാഞ്ചേരി, തലശ്ശേരി എന്നിവിടങ്ങളിൽ സംഭവം അറിയിച്ചപ്പോൾ യാതൊരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായില്ല. അവിടേക്ക് പോകാൻ പോലീസ് തയ്യാറായില്ല. ഞങ്ങളുടെ എരിയാകമ്മിറ്റി സെക്രട്ടറി സഖാവ് ശ്രീധരനെപ്പോലുള്ള സഖാക്കൾ മാത്രമായിരുന്നു വൈകുന്നേരം പുന്നാടേക്ക് പോയത്. മറ്റാരും പോകാൻ തയ്യാറായില്ല. അവരെ സമാധാനിപ്പിക്കുന്നതിനുള്ള ഒരു നിലപാടും എടുക്കാൻ തയ്യാറായിട്ടില്ല. ഇതാണ് പോലീസിന്റെ അവസ്ഥ. എല്ലാ സംഭവവും നടന്നതിനുശേഷമാണ് പോലീസ് വരുന്നത്. സംഭവം നടന്ന സ്ഥലത്തല്ല, കുഴപ്പമുള്ള സ്ഥലത്തല്ല പോലീസ് പോകുന്നത്, മറ്റുചില കേന്ദ്രങ്ങളിലേക്കാണ് പോലീസ് പോകുന്നത്. അതിശക്തമായ രീതിയിൽ അവിടെ വർഗ്ഗീയ അസ്വാസ്ഥ്യം നിലനിൽക്കുകയാണ്. മുസ്ലീങ്ങളും ഹിന്ദുക്കളുമെന്നുള്ള തരത്തിൽ തിരിയാൻ വളരെയേറെ സാധ്യതയുള്ള സ്ഥലമാണ്. ഇപ്പോൾ അത്രത്തോളമെന്ന് പറയാൻ സാധിക്കില്ല. പക്ഷേ അതിനിടയിലുള്ള സംഭവമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഞാൻ നേരത്തേ പറഞ്ഞതുപോലെ തലശ്ശേരിയിലും മങ്ങാട്ടിടത്തും ആക്രമിക്കപ്പെട്ടത് സി.പി.ഐ.(എം.)ന്റെ അനുഭാവികളും പ്രവർത്തകരുമാണ്. അവർ മുസ്ലീങ്ങളായിപ്പോയി എന്നുള്ളതുകൊണ്ടാണ് ആക്രമിക്കപ്പെട്ടത്. ഈ രീതിയിൽ കടന്നാക്രമണത്തിന് വിധേയരാകുന്ന ഒരു ജില്ലയായി കണ്ണൂർ ജില്ല മാറുകയാണ്. ഇതിൽ അടിയന്തിരമായി ഇടപെടണം, ലാഘവബുദ്ധിയോടുകൂടി കൈകാര്യം ചെയ്താൽ അത് വർഗ്ഗീയ സംഘർഷത്തിലേക്കും തുറന്ന യുദ്ധത്തിലേക്കുമാകും എത്തുക എന്ന ഗൗരവത്തോടുകൂടി ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് അടിയന്തിരമായി ഇടപെടണമെന്നും ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ഗൗരവപൂർവ്വം പരിശോധിക്കണമെന്നുമാണ് അഭ്യർത്ഥിക്കാനുള്ളത്. സഭാ നടപടികൾ നിർത്തിവച്ച് അടിയന്തിര പ്രമേയത്തിന്റെ ഭാഗമായി ഈ വിഷയം ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രൊഫ. എ. ഡി. മുസ്തഫ: ഇന്നലെ രാവിലെ 10.30 മണിക്കാണ് വി.എച്ച്.പി. യുടെ ജില്ലാതല പ്രവർത്തകൻ അശ്വിനികുമാറിനെ ഗൂഢാലോചനയുടെ ഭാഗമായി വെട്ടി കൊലചെയ്യപ്പെട്ടിരിക്കുന്നത്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ സൂചിപ്പിച്ചതുപോലെ പുന്നാട് പ്രദേശത്ത് കുറച്ചുകാലമായി സംഘർഷം നിലനിൽക്കുകയാണ്. മാസങ്ങൾക്കുമുമ്പ് എൻ.ഡി.എഫ്.-ന്റെ പ്രവർത്തകനായ മുഹമ്മദിനെ കൊലചെയ്തതിനോടനുബന്ധിച്ചുതന്നെ നിരന്തരമായ സംഘർഷമുള്ള ഒരു പ്രദേശമെന്നുള്ളനിലയിൽ ഞാൻ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടങ്ങളിലും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരോട് ഈ വിവരം അറിയിച്ചുകൊണ്ടിരുന്നു. ഇന്നലെ അശ്വിനികുമാറിന്റെ മരണത്തോടനുബന്ധിച്ച് ജില്ല മുഴുവൻ എന്നുവേണമെങ്കിൽ പറയാം പ്രത്യേകിച്ച്, എന്റെ നിയോജകമണ്ഡലമായ പേരാവൂരിന്റെ മിക്കവാറും പ്രദേശങ്ങളിലൊക്കെത്തന്നെ വളരെ ഗുരുതരമായ ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. ഇരിട്ടിയിൽ 25 കടകൾ അടിച്ചു തകർത്തു. പുന്നാട് പ്രദേശത്ത് 35-ഓളം വീടുകൾ നഷ്ടപ്പെടുത്തി. ഇന്നലെ രാത്രി 12 മണിക്കുശേഷം പേരാവൂർ ഭാഗത്ത് 15 കടകളും 6 വീടുകളും തകർത്തിരിക്കുന്നു. എന്തിനേറെ, ഇന്നുരാവിലെ അല്പംമുൻപ് മട്ടന്നൂരിൽ മൂന്നു പീടികകൾ അടിച്ചു തകർത്തിരിക്കുകയാണ്. ആവശ്യത്തിന് പോലീസുണ്ട്, ബഹുമാന്യനായ മുഖ്യമന്ത്രി ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിരിക്കുന്നു എന്ന് അറിയിച്ചിരിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. പക്ഷേ കലാപം പടർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പാനൂർ പ്രദേശത്തും കുത്തുപറമ്പു പ്രദേശത്തുമൊക്കെ ഇതുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്ന വാർത്തകളാണ് ഇന്നുരാവിലെപോലും ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഈ കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് സമാധാന ശ്രമങ്ങൾക്ക് മുൻതൂക്കം നൽകുകയും ആ പ്രദേശത്ത് 144 പ്രഖ്യാപിക്കുകയും ചെയ്യണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കൂടാതെ ധാരാളം ആളുകൾക്ക് എല്ലാം നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ആവശ്യമായ സഹായം നൽകണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആ പ്രദേശം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. പി. മോഹനൻ: ഇരിട്ടിയിൽ അശ്വിനികുമാർ എന്ന എൻ.ഡി.എഫ്. പ്രവർത്തകൻ കൊലചെയ്യപ്പെട്ടിരിക്കുകയാണ്. അതുപോലെ പല ഭാഗങ്ങളിലും പ്രശ്നങ്ങളുണ്ട്. പെരിങ്ങളം മണ്ഡലത്തിലെ മുസ്ലീം സമുദായത്തിലെ ആളുകളെ തെരഞ്ഞുപിടിച്ച് മർദ്ദിക്കുന്നു. അതുപോലെതന്നെ പള്ളിയിൽ നിസ്ക്കാരം കഴിഞ്ഞ് ഇറങ്ങുന്നവരെയും മർദ്ദിക്കുന്നു. ഏലാംകോട്ട് യത്തീഖാനയ്ക്കുനേരെ വടക്കേപൊയ്ലയിലുള്ള ജനതാദൾ പ്രവർത്തകനായ അബ്ദുള്ള ഹാജിയുടെ വീട് നശിപ്പിക്കുകയുണ്ടായി. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമുണ്ട്, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കേൾക്കണം. ഇന്ന് പരീക്ഷ നടക്കുന്ന ദിവസമാണ്. അവിടെ ഹർത്താലാണ്. അവിടെ വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്ക് പോകാൻ സാധിക്കുന്നില്ല. അപ്പോൾ പ്ലസ് ടു, എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ സാധിക്കാതെ വരുന്ന വിദ്യാർത്ഥികൾക്ക് വീണ്ടും പരീക്ഷ എഴുതാനുള്ള സൗകര്യം ചെയ്തുകൊടുക്കണം. അതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ഈ പ്രശ്നത്തെത്തുടർന്ന് കളക്ടറുമായി ബന്ധപ്പെട്ട് പരീക്ഷയ്ക്ക് കുട്ടികളെ എത്തിക്കാനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly

വൈകുന്നേരംതന്നെ പരീക്ഷയ്ക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ പോലീസിനോട് പ്രത്യേകമായി വിജിലന്റാകാൻ പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: ഇന്നലെ രാത്രിതന്നെ ചില പ്രദേശങ്ങളിൽ, പോലീസ് ഇല്ലാത്ത സ്ഥലങ്ങൾ നോക്കി അക്രമങ്ങളുണ്ടാവുകയാണ്. അതുകൊണ്ട് വളരെ ജാഗ്രത പാലിക്കാൻ നടപടിയുണ്ടാകണം. നഷ്ടപരിഹാരവും കൊടുക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഏറ്റവും നിർഭാഗ്യകരമായ ഒരു സംഭവമാണ് ഇന്നലെയുണ്ടായത്. സമുദായ സൗഹാർദ്ദമാണ് നമ്മുടെ മുഖമുദ്ര. അത് നഷ്ടപ്പെടുന്ന സാഹചര്യമെന്നു പറഞ്ഞാൽ നമ്മുടെ നാടിന് അതിന്റേതായ എല്ലാ സാംസ്ക്കാരിക പാരമ്പര്യവും നഷ്ടപ്പെടും. അത് കാത്തുസൂക്ഷിക്കുന്നതിന് കേരളത്തിലെ മഹാഭൂരിപക്ഷം ആളുകളും ജാതിമത ചിന്തകൾക്കതീതമായി സഹകരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ നിർഭാഗ്യവശാൽ ചില തീവ്രവാദി ഗ്രൂപ്പുകൾ അതിനു വ്യത്യസ്തമായി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അങ്ങനെയൊരു സംഭവമാണ് ഇന്നലെ കണ്ണൂരിലുണ്ടായത്. ആ സംഭവത്തിനെതിരെ കർശനമായ നിയമ നടപടികളുണ്ടാകും. ഏതു കുറ്റങ്ങളുണ്ടായാലും നിയമപരമായ നടപടികളുണ്ടാകും. പക്ഷേ മതസൗഹാർദ്ദം തകർക്കത്തക്കവിധത്തിലുള്ള സംഭവത്തെ സാധാരണ രീതിയിലുള്ള കുറ്റങ്ങളായിട്ടല്ല കാണേണ്ടത്. നിയമത്തിനുമുന്നിൽ ഒന്നാണെങ്കിൽപ്പോലും അതിനപ്പുറത്തേക്ക് കാണണം. കാരണം അതൊരു വ്യക്തിക്കെതിരായിട്ടുള്ള കുറ്റമല്ല, സമൂഹത്തിനെതിരായിട്ടുള്ള ഗുരുതരമായ കുറ്റമായിട്ടുമാത്രമേ നമുക്ക് അതിനെ കാണാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇതുപോലുള്ള സംഭവങ്ങൾ വരുമ്പോൾ കർശനമായ നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ പറഞ്ഞ കാര്യം പ്രത്യേകമായി പരിശോധിക്കും. പുന്നാട് ഇതിനുമുൻപുണ്ടായ സംഭവത്തിലെ യഥാർത്ഥ പ്രതികളെയല്ല പ്രതികളാക്കിയിരിക്കുന്നത് എന്ന് അങ്ങുപറഞ്ഞത് ഞാൻ നിശ്ചയമായും അന്വേഷിക്കും. പുന്നാട് സംഭവമുണ്ടായപ്പോൾ അവിടെ ഞാൻ പോയിരുന്നതാണ്. ആ സംഭവത്തിന്റെ ഏറ്റവും ഭീകരമായ മുഖം എനിക്ക് നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്, അത് നിശ്ചയമായും നോക്കും. കാരണം ഇതുപോലുള്ള സംഭവങ്ങളിൽ നിയമപരമായ എല്ലാ നടപടികളും കുറ്റമറ്റ രീതിയിലുണ്ടാകണം. എങ്കിൽമാത്രമേ ഇതുപോലുള്ള സംഭവങ്ങൾ നാളെ ആവർത്തിക്കാതിരിക്കുകയുള്ളൂ എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇന്നലെയുണ്ടായ കൊലപാതകത്തെ ഞാൻ ഒരിക്കലും ന്യായീകരിക്കുന്നില്ല. അതിനെതിരെ കർശനമായ നടപടിയുണ്ടാകും. ക്രമസമാധാന പ്രശ്നങ്ങളൊക്കെ അവിടെയുള്ളതുകൊണ്ട്, ലോക്കൽ പോലീസ് അന്വേഷിച്ചാൽഅവർക്ക് വളരെപെട്ടെന്ന് ആകാര്യത്തിൽശ്രദ്ധകേന്ദ്രീകരിക്കാൻ സാധിക്കില്ല എന്നുള്ളതുകൊണ്ട്, ഫലപ്രദമായി അതിന്റെ അന്വേഷണം നടക്കണമെന്നുള്ളതുകൊണ്ടാണ് ഇന്നലെ തന്നെ ആ കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയത്. കുറ്റവാളികൾആരുതന്നെയായിരുന്നാലും അവർക്കെതിരെ

LIBRARY ARCHIVES Kerala Legislative Assembly

കർശനമായ നടപടിയുണ്ടാകും. പക്ഷേ നിയമത്തിന്റെ നടപടികൾക്കു കാത്തു നിൽക്കാനോ അല്ലെങ്കിൽ നിയമ നടപടികളിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിച്ചു തിരുത്താനോ ശ്രമിക്കുന്നതിനുപകരം നേരെ ആയുധങ്ങളെടുക്കാനും അക്രമങ്ങൾ നടത്താനും ഒരു കുറ്റവും ചെയ്തിട്ടില്ലാത്തവരുടെ വീടുകളും കടകളും നശിപ്പിക്കുവാനുമൊക്കെയുള്ള ശ്രമങ്ങൾ ഒരിക്കലും വച്ചുപൊറുപ്പിക്കാൻ പറ്റില്ല. കർശനമായ നടപടികൾ സ്വീകരിക്കും. അതിന് ഈ സഭയുടെ എല്ലാഭാഗത്തുനിന്നും സഹായവും പിന്തുണയും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഉണ്ടാകുമെന്ന് എനിക്കറിയാം. സി.ആർ.പി.എഫ്.-ന്റെ ദ്രുതകർമ്മ സേനയുടെ സഹായം ആവശ്യപ്പെട്ടു. അവർ ഇന്നുരാവിലെ അവിടെ എത്തിക്കഴിഞ്ഞു. നിയമം ലംഘിക്കുന്നവർ ആരു തന്നെയായാലും, മതസൗഹാർദ്ദം തകർക്കാൻ ശ്രമിക്കുന്നവർ ആരു തന്നെയായാലും, അവർക്കെതിരെ മുഖം നോക്കാതെ കർശനമായിട്ടുള്ള നടപടികൾ സ്വീകരിക്കും. ക്രമസമാധാനം തകർക്കാൻ ശ്രമിച്ചാൽ അടിച്ചൊതുക്കാൻ തന്നെയാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. യാതൊരു സംശയവും വേണ്ട. ഈ പ്രശ്നം ഉണ്ടായ ഉടനെതന്നെ പ്രൊഫ. എ. ഡി. മുസ്തഫ എന്റെ ശ്രദ്ധയിൽ ഇക്കാര്യം പെടുത്തുകയുണ്ടായി. അതിനുശേഷം ശ്രീ. കെ. പി. മോഹനനും വിളിച്ച് കാര്യങ്ങൾ പറഞ്ഞു. ആ അവസരങ്ങളിലെല്ലാം ഞാൻ അതാതുസമയത്തു ബന്ധപ്പെടുകയും വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. അല്പം മുമ്പും ബന്ധപ്പെട്ടു. അവിടെ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടാകുന്നതു നിയന്ത്രിക്കാൻവേണ്ടി പ്രത്യേകമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒരു വീഴ്ചയും ഇക്കാര്യത്തിൽ ഉണ്ടാകില്ല. എന്തെങ്കിലും നിർദ്ദേശങ്ങൾ നിങ്ങൾക്കു നൽകാനുണ്ടെങ്കിൽ അതും പ്രത്യേകം പരിശോധിക്കുമെന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒരു മന്ത്രിയെ ഇന്നുതന്നെ അങ്ങോട്ടു അയയ്ക്കുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സഭാനടപടികൾ നിർത്തി വച്ചു ചർച്ച ചെയ്യേണ്ട ആവശ്യമില്ല. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കുട്ടികൾക്കു പോകാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്.

മി.സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനു അനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ നിഷ്പക്ഷവും നീതിപൂർവ്വകവുമായ ഒരു അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ചിനു വിട്ടുകൊടുത്ത് വേണ്ട ഏർപ്പാടുകൾ ചെയ്തു എന്നുപറഞ്ഞത് സന്തോഷകരം തന്നെയാണ്. അദ്ദേഹം വർഗ്ഗീയ വാദികളുടെ നീക്കത്തെ അടിച്ചമർത്തുമെന്ന് പറഞ്ഞതും നല്ലതു തന്നെയാണ്. പക്ഷേ അതോടൊപ്പംതന്നെ അവിടെ സമാധാനം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ കക്ഷികളേയും വിളിച്ചു ചേർത്തുകൊണ്ട് കക്ഷിപരിഗണനകൾക്ക് അതീതമായി ഒരു യോഗം വിളിച്ചു കൂട്ടി, കളക്ടറോ അല്ലെങ്കിൽ ഗവൺമെന്റിന്റെ പ്രതിനിധികളായിട്ടുള്ള മന്ത്രിമാരോ പ്രത്യേകം പങ്കെടുത്ത് ഒരു സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നടപടികൾകൂടി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. യാതൊരു ദാക്ഷിണ്യവും ഈ രണ്ടു കൂട്ടർക്ക് നേരെയും ഉണ്ടാകാൻ പാടില്ല. ആദ്യം എൽ.ഡി.എഫ്. കാരനാണ് കൊല ചെയ്യപ്പെട്ടത്. കൊല ചെയ്യപ്പെട്ട കേസ്സിൽ പ്രതിയെ മാറ്റിയെന്നു പറയുന്നത് വളരെ മോശമായിട്ടുള്ള സമീപനമാണ്. അവിടെ സ്വാധീനം നിലനിൽക്കുന്നത് രണ്ടാമതു മരിക്കപ്പെട്ട ആൾക്കാണ്. ഈ രണ്ടു കൂട്ടരും ചെയ്യുന്നത് നിരപരാധികളായിട്ടുള്ള ആളുകളെ, ഹിന്ദുവെന്നോ മുസ്ലീമെന്നോ വ്യത്യാസമില്ലാതെ ആക്രമണം നടത്തുക എന്നുള്ളതാണ്. അതുകൊണ്ട് ഇതു രണ്ടിനേയും എതിർക്കുന്ന ജനവിഭാഗങ്ങളെ അണിനിരത്തി, സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് സമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾകൂടി ഗവൺമെന്റ് മുൻകൈ എടുത്ത് നടത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: കൊല്ലപ്പെട്ട അശ്വിനികുമാറിന്റെ ശവസംസ്ക്കാരം ഇന്നു രാവിലെയാണ്. അതുകഴിഞ്ഞാൽ ഉടൻതന്നെ സമാധാന മീറ്റിംഗ് വിളിച്ചു കൂട്ടാൻ, എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങുപറഞ്ഞ നിലയ്ക്കുതന്നെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

IV. ശ്രദ്ധ ക്ഷണിക്കൽ

(1) കുട്ടനാട്ടിൽ കുടിവെള്ളം ലഭ്യമാക്കാൻ നടപടി

ഡോ. കെ. സി. ജോസഫ്: സർ, കുട്ടനാട് മേഖലയാകെ ശുദ്ധജലക്ഷാമം കൊണ്ട് ജനങ്ങൾ വീർപ്പുമുട്ടുകയാണ്. കുട്ടനാട് താലൂക്കിലെ 12 പഞ്ചായത്തുകൾക്കും ചങ്ങനാശ്ശേരി, തിരുവല്ല മുനിസിപ്പാലിറ്റികൾക്കും വേണ്ടി ആരംഭിച്ചതാണ് കുട്ടനാട് ശുദ്ധജല വിതരണപദ്ധതി. 1970-കളിൽ ഈ പദ്ധതി പൂർത്തീകരിച്ചു. ഏതാണ്ട് 22 ദശലക്ഷം ലിറ്റർ വെള്ളം വിതരണം ചെയ്തതിനുശേഷം രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ സ്കീമിൽ 11 എം.എൽ.ഡി. സ്കീം കൂടി നടപ്പാക്കി. ആകെ 33 ദശലക്ഷം ലിറ്റർ വെള്ളം ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും കുട്ടനാട് ഏരിയായിൽ, കുട്ടനാട് താലൂക്കിന്റെ 12 പഞ്ചായത്തുകൾക്കുമായി ഇപ്പോൾ 3 ദശലക്ഷം ലിറ്റർ വെള്ളം പോലും കിട്ടുന്നില്ല. പല സ്ഥലങ്ങളിലും വെള്ളം കിട്ടാതെ പ്രധാന പൈപ്പുകൾ കടന്നു പോകുകയാണ്. സമീപ പ്രദേശങ്ങളിൽ മാത്രമാണ് വെള്ളം കിട്ടുന്നത്. കാവാലം, നിരണം, ചമ്പക്കുളം, പുളിങ്കുന്ന് എന്നീ പഞ്ചായത്തുകളിൽ രണ്ടു ദിവസത്തിലൊരിക്കൽ വീതമാണ് കുറച്ചെങ്കിലും വെള്ളം കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly